**പതിമൂന്നാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2774 **14.12.2015** ലെ മറുപടിക്ക്

<u>മറ്റൂർ, പുളിയനം കോളനികളിലെ വികസന പ്രവർത്തനങ്ങൾ</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ജോസ് തെറ്റയിൽ** | | **ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | അങ്കമാലി നിയോജക മണ്ഡലത്തിലെ മറ്റൂർ, പുളിയനം ഹരിജൻ കോളനികളിൽ സ്വയംപര്യാപ്ത പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി നിർദ്ദേശിച്ചിട്ടുള്ള വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ; | (എ) | അങ്കമാലി നിയോജക മണ്ഡലത്തിലെ മറ്റൂർ കോളനിയിൽ സ്വയംപര്യാപ്ത ഗ്രാമപദ്ധതിയുടെ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ടി നിയോജക മണ്ഡലത്തിലെ പുളിയനം ഐ.എച്ച്.ഡി.പി കോളനിയിൽ കമ്മ്യൂണിറ്റി ഹാൾ പണിയുന്നതിനായി കണ്ടെത്തിയ സ്ഥലം ഖാദി ബോർഡിന്റേതായതിനാൽ പ്രവൃത്തികൾ ആരംഭിക്കുന്നതിന് ടി സ്ഥലം വിട്ടു കിട്ടേണ്ടതുണ്ട്. ആയതിന് ഗ്രാമപഞ്ചായത്ത് തലത്തിലും വകുപ്പ് തലത്തിലും നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | ടി നിയോജക മണ്ഡലത്തിലെ രണ്ട് കോളനികളിലെയും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഏജൻസികൾക്കും ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ